"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചതിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക കുടിവെള്ളത്തിനു പുറമെ ജലസംരക്ഷണ പ്രവർത്തനങ്ങൾ, ജല വിതരണ സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയവയ്ക്ക് കൂടി മാത്രം ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2716/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.09.2023 -ലെ 11-ാം നമ്പർ തീരുമാനം (SRG/377/24 - CC /220/24)
2. 06.06.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയത്തിലെ തീരുമാനം നമ്പർ 4.5

**ഉത്തരവ്**

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വേണ്ടി പ്രാദേശിക പ്രോജക്ട് മിഷൻ യൂണിറ്റിൽ നിന്നും ലഭിച്ചതും, ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതിനു ശേഷം വിനിയോഗിക്കാതെ പലിശ ഉൾപ്പെട്ട 30,17,594/- രൂപ അവശേഷിക്കുന്നുണ്ട്. കുട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ എല്ലാ കുടിവെള്ള പദ്ധതികളും ജലജീവൻ പദ്ധതി മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രളയ ബാധിത പ്രദേശമാണ് എന്നതു കൂടി പരിഗണിച്ച് കുട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ മറ്റ് അടിസ്ഥാനസൗകര്യമൊരുക്കുന്നതിന് ഈ തുക ഉപയോഗിക്കാൻ അനുമതി നൽകണമെന്നു ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

2. 2021 ഒക്ടോബർ 16-നുണ്ടായ കൊടിയ പ്രളയത്തിൽ വലിയ നാശനഷ്ടം ഗ്രാമപഞ്ചായത്തിൽ ഉണ്ടായി എന്നതു പരിഗണിച്ച് കുടിവെള്ളത്തിനു പുറമെ ജലസംരക്ഷണ പ്രവർത്തനങ്ങൾ, ജല വിതരണ സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയവയ്ക്ക് കൂടി മാത്രം ഈ തുക ഉപയോഗിക്കാൻ അനുമതി നൽകി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2021 ഒക്ടോബർ 16-നുണ്ടായ കൊടിയ പ്രളയത്തിൽ വലിയ നാശനഷ്ടം ഗ്രാമപഞ്ചായത്തിൽ ഉണ്ടായി എന്നതു പരിഗണിച്ച്, കുട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വേണ്ടി പ്രാദേശിക പ്രോജക്ട് മിഷൻ യൂണിറ്റിൽ നിന്നും ലഭിച്ചതും, ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതിനു ശേഷം വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ തുക കുടിവെള്ളത്തിനു പുറമെ ജലസംരക്ഷണ പ്രവർത്തനങ്ങൾ, ജല വിതരണ സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയവയ്ക്ക് കൂടി മാത്രം ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്, കോട്ടയം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 07-11-2025 15:31:13